## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം- സംസ്ഥാനത്തെ നഗരസഭകളിൽ ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികയിൽ ഒഴിവുകൾ നികത്തുന്നതിനായി കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ) നം. 2326/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 30/ 08/ 2018.

---

പരാമർശം :- നഗരകാര്യ ഡയറക്ടറുടെ 20.08.2018 ലെ ഇ 5-18059/ 2011 നമ്പർ കത്ത്.

### ഉത്തരവ്

നഗരകാര്യ വകുപ്പിൽ ഹെൽത്ത്ഓഫീസർ ഗ്രേഡ് 1,2 എന്നീ പ്രൊമോഷൻ തസ്തികയും ഹെൽത്ത് ജോയിന്റ് ഡയറക്ടർ എന്ന തസ്തികയും ഉൾപ്പെടെ അലോപ്പതി ഡോക്ടർമാരുടെ 19 തസ്തികകളാണുള്ളത്. ഇതിൽ തിരുവനന്തപുരം ,കൊല്ലം, തൃശ്ശൂർ, കണ്ണൂർ കോട്ടയം, പാലക്കാട്,തലശ്ശേരി, ചങ്ങനാശേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഓരോന്നു വീതം ആകെ 9, കൊച്ചിയിൽ രണ്ട് കോഴിക്കോട് അഞ്ച് എന്നിങ്ങനെ പ്രൊമോഷൻ തസ്തികകൾ ഉൾപ്പെടെ ആകെ 16 ഒഴിവുകൾ വിവിധ ഗ്രേഡുകളിൽ നിലവിലുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭകൾ കേന്ദ്രീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഡോക്ടർമാരുടെ സേവനം ആവശ്യമായി വന്നിരിയ്ക്കുകയാണെന്നും അലോപ്പതി മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും പരാമർശ പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ,കൊല്ലം, തൃശ്ശൂർ, കണ്ണൂർ കോട്ടയം, പാലക്കാട്,തലശ്ശേരി, ചങ്ങനാശേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഓരോന്നു വീതം, കൊച്ചിയിൽ രണ്ട് കോഴിക്കോട് അഞ്ച് എന്നിങ്ങനെ പ്രൊമോഷൻ തസ്തികകൾ ഉൾപ്പെടെയുള്ള ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികകളിൽ നിലവിലുള്ള 16 ഒഴിവുകളിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിയമനം ഒരുവർഷത്തേക്കു കരാർ വ്യവസ്ഥയിലായിരിക്കണം.
2. പി.എസ്.സി യിൽ നിന്നും പുതിയ നിയമനം നടത്തുമ്പോഴോ ഈ ജീവനക്കാർ ഒരുവർഷം പൂർത്തിയാകുമ്പോഴോ ഏതാണോ ആദ്യം അപ്പോൾ ടി കരാർ അവസാനിപ്പിക്കേണ്ടതാണ്.
3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ എൻ.ആർ എച് എം സ്കീം പ്രകാരം നിയമിക്കുന്ന ഡോക്ടർമാർക്ക് ആരോഗ്യ കുടുംബക്ഷേമവകുപ്പ നൽകുന്ന വേതനത്തിന് തുല്യമായ തുക നിയമനം ലഭിക്കുന്നവർക്ക് നൽകേണ്ടതാണ്.
4. വിവിധ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിഎന്നിവിടങ്ങളിലുള്ള ഒഴിവുകളിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അർബൻ ഡയറക്ടർ,നഗരകാര്യ ഡയറക്ടറേറ്റ് ആരോഗ്യവിഭാഗം ജോയിന്റ് ഡയറക്ടർ എന്നിവർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
5. നിയമിക്കപ്പെടേണ്ടവരെ കേന്ദ്രീകൃത വ്യവസ്ഥയിൽ സെലക്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**